ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 08.12.2025 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രത്യേക ചർച്ച ഇന്ന് ലോക്സഭയിൽ. പ്രധാനമന്ത്രി നരേന്ദ്ര മോദി ചർച്ചയ്ക്ക് തുടക്കം കുറിക്കും.

**A special discussion on the 150th anniversary of the national song Vande Mataram will begin in Lok Sabha today. According to the official sources, Prime Minister Narendra Modi will initiate the debate.**

2. സാംസ്കാരിക പൈതൃക സംരക്ഷണത്തിനായുള്ള ഭരണകൂട ഐക്യസമിതിയുടെ 20-ാമത് സമ്മേളനം ഇന്ന് ന്യൂഡൽഹിയിലെ ചുവപ്പു കോട്ടയിൽ ആരംഭിക്കും.

**The 20th session of the Intergovernmental Committee for the Safeguarding of the Intangible Cultural Heritage will begin today at Red Fort in New Delhi.**

3. ഇൻഡിഗോ പ്രതിസന്ധിക്കിടയിലും വ്യോമഗതാഗതം സാധാരണനിലയിലേക്ക്. 610 കോടി രൂപയുടെ റീഫണ്ട് ലഭ്യമാക്കി.

**Air travel operations moving swiftly towards normalcy amid IndiGo crisis. 610 crore rupee refunds processed.**

4. കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വോട്ടെടുപ്പ് നാളെ. വിധിയെഴുത്ത് ഏഴ് ജില്ലകളിൽ. ഇന്ന് നിശബ്ദ പ്രചാരണം.

**The first phase of the local body elections in Kerala is tomorrow. The verdict will be written in seven districts. Today is the silent campaign period.**

**5. ചൈനയുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 32 വർഷങ്ങൾക്ക് ശേഷം ഷാങ്ഹായിൽ പുതിയ കോൺസുലേറ്റ് കെട്ടിടം തുറന്ന് ഇന്ത്യ.**

**India has opened a new, consulate building in Shanghai, marking a sign of strengthening economic and people-to-people engagement with China marking the consulate's first move in 32 years.**

**6. അഡ്മിറൽ കപ്പിനായുള്ള 14-ാമത് പായ് വഞ്ചിയോട്ട മത്സരം ഇന്ന് ഏഴിമല നാവിക അക്കാദമിയിൽ.**

**The 14th Admiral's Cup boat race will be held today at the Ezhimala Naval Academy.**

****************************

## VANDE MATARAM-DISCUSSION

ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രത്യേക ചർച്ച ഇന്ന് ലോക്സഭയിൽ ആരംഭിക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദി ചർച്ചയ്ക്ക് തുടക്കം കുറിയ്ക്കുമെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. 10 മണിക്കൂറാണ് ചർച്ചയ്ക്ക് സമയം അനുവദിച്ചിരിക്കുന്നത്. ഉച്ചയ്ക്ക് 12 മണിക്ക് ചർച്ച ആരംഭിക്കുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു അറിയിച്ചു. രാജ്യത്തെ തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെക്കുറിച്ചുള്ള ചർച്ച ലോക്സഭയിൽ നാളെ നടക്കും. ലോക്സഭാ സ്പീക്കർ ഓം ബിർളയുടെ നേതൃത്വത്തിൽ ചേർന്ന സർവ്വകക്ഷി യോഗത്തിലാണ് തിരഞ്ഞെടുപ്പ് പരിഷ്ക്കാരങ്ങൾ സംബന്ധിച്ച് ചർച്ച നടത്താൻ തീരുമാനം എടുത്തത്.

****************************

## INDIA-EU-FTA

ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച ചർച്ചകൾ ഇന്ന് ന്യൂഡൽഹിയിൽ പുനരാരംഭിക്കും. യൂറോപ്യൻ യൂണിയനും ഇന്ത്യയും തമ്മിലുള്ള

സാമ്പത്തിക ബന്ധം ശക്തമാക്കുന്നതിനുള്ള ദീർഘകാല ശ്രമത്തിന്റെ ഭാഗമാണ് രണ്ട് ദിവസത്തെ ചർച്ചകൾ. പുതിയ കാലഘട്ടത്തെ പ്രതിനിധീകരിക്കുന്നതാണ് ഈ ചർച്ചകളെന്ന് ഇന്ത്യയിലെ യൂറോപ്യൻ യൂണിയൻ അംബാസഡർ ഹെർവ് ഡെൽഫിൻ അഭിപ്രായപ്പെട്ടു.

*****************************

## UNESCO – HERITAGE

സാംസ്കാരിക പൈതൃക സംരക്ഷണത്തിനായുള്ള ഭരണകൂട ഐക്യസമിതിയുടെ 20-ാമത് സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിലെ ചുവപ്പു കോട്ടയിൽ തുടക്കമാകും. യുനെസ്കോയിലെ ഇന്ത്യയുടെ അംബാസഡറും സ്ഥിരം പ്രതിനിധിയുമായ വിശാൽ വി. ശർമ്മ സെഷന് നേതൃത്വം നൽകും. യുനെസ്കോ ഐ.സി.എച്ച് പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച നാമനിർദ്ദേശങ്ങൾ പരിശോധിക്കുക, സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിന് അന്താരാഷ്ട്ര സഹായം നൽകുക എന്നിവയാണ് ആറ് ദിവസത്തെ പരിപാടിയുടെ ലക്ഷ്യം. പ്രകാശത്തിന്റെയും സാഹോദര്യത്തിന്റെയും ഉത്സവമായ ദീപാവലിയെ ഈ വർഷത്തെ യുനെസ്കോ അദൃശ്യ പൈതൃക പട്ടികയിലേക്ക് ഇന്ത്യ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.

*****************************

## PM MESSAGE–UNESCO

സംസ്കാരത്തെ ശക്തിപ്പെടുത്തിക്കൊണ്ടുള്ള ആധുനികവൽക്കരണവും നഗരവൽക്കരണവും ഉറപ്പാക്കുകയാണ് ഇന്ത്യയുടെ നയമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂ ഡൽഹിയിൽ യുനെസ്കോയുടെ സാംസ്കാരിക പൈതൃക സംരക്ഷണത്തിനായുള്ള അന്തർ സർക്കാർ തല സമിതിയുടെ 20-ാമത് സമ്മേളനത്തിൻറെ ഉദ്ഘാടനത്തോട് അനുബന്ധിച്ച് നൽകിയ സന്ദേശത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. സ്മാരകങ്ങളും കൈയെഴുത്തു പ്രതികളും മാത്രമല്ല ഉത്സവങ്ങൾ, കലകൾ, കരകൗശല വൈദഗ്ദ്ധ്യം തുടങ്ങിയവയും

ചേർന്നാണ് സംസ്കാരത്തെ സമ്പന്നമാക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

*****************************

## UNESCO – JAISHANKAR (INTRO)

ലോകമെമ്പാടുമുള്ള പൈതൃകങ്ങൾ സംരക്ഷിക്കുന്നതിന് ഇന്ത്യ നിരവധി പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. അന്തർ സർക്കാർ തല സമിതിയുടെ 20-ാമത് സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ബൈറ്റ്- എസ് ജയ്ശങ്കർ )

ഭാവി തലമുറകൾക്ക് ലോകത്തിന്റെ പരമ്പരാഗത ജ്ഞാനം അറിയാൻ കഴിയുന്ന തരത്തിൽ ഇവ സംരക്ഷിക്കപ്പെടണമെന്ന് കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്ത് പറഞ്ഞു.

*****************************

## ECI – SIR DATA

തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണം രണ്ടാം ഘട്ടത്തിൽ ഇതുവരെ 50 കോടി 94 ലക്ഷത്തിലധികം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്യതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഇതിൽ 50 കോടിയിലധികം ഫോമുകൾ ഡിജിറ്റൈസ് ചെയ്യിട്ടുണ്ട്. അതെസമയം, കേരളത്തിൽ ഇന്നലെ വൈകിട്ട് 6 വരെ ഡിജിറ്റൈസ് ചെയ്യ ഫോമുകളുടെ എണ്ണം രണ്ട് കോടി 70 ലക്ഷത്തി 22 ആയിരത്തി 663 ആയി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു.

*****************************

## KERALA LSG POLLS

കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വോട്ടെടുപ്പ് നാളെ നടക്കും. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴു ജില്ലകളിലാണ് പോളിംഗ്. പരസ്യപ്രചാരണത്തിന്റെ

കൊട്ടിക്കലാശത്തിൽ വിവിധയിടങ്ങളിലായി ആയിരങ്ങൾ പങ്കെടുത്തു. ഇന്ന് നിശബ്ദ പ്രചാരണമാണ്. രണ്ടാം ഘട്ടം ഈ മാസം 11 നും വോട്ടെണ്ണൽ 13 നും നടക്കും.

*****************************

## LSG ELECTION (INTRO)

തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പിനായി സംസ്ഥാനത്തെ ഏഴു ജില്ലകളിൽ ഒരുക്കങ്ങൾ പൂർത്തിയായി. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.........**

(വോയ്സ്)

*****************************

## ELECTION CLASH

തദ്ദേശം തെരഞ്ഞെടുപ്പ് കൊട്ടിക്കലാശത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വിവിധയിടങ്ങളിൽ സംഘർഷം. ഇടുക്കിയിൽ കാഞ്ചിയാർ പഞ്ചായത്ത്, കട്ടപ്പന നഗരസഭ, മുട്ടം പഞ്ചായത്ത് എന്നിവിടങ്ങളിൽ ഉണ്ടായ സംഘർഷത്തിൽ 9 പേർക്കെതിരെ കേസെടുത്തു. കലാശക്കൊട്ടിനിടെ കൊല്ലം തേവലക്കര ചേനങ്കര ജംഗ്ഷനിൽ LDF- BJP പ്രവർത്തകർ തമ്മിൽ നേരിയ സംഘർഷം ഉണ്ടായി. പോലീസ് ഇടപെട്ട് സ്ഥിതി നിയന്ത്രണവിധേയമാക്കി.

*****************************

## M P - MAOIST

മധ്യപ്രദേശിൽ, മുതിർന്ന കമാൻഡർ ഉൾപ്പെടെ പത്ത് മാവോയിസ്റ്റുകൾ കീഴടങ്ങി. 77 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്ന മാവോയിസ്റ്റ് കമാൻഡർ സുരേന്ദർ എന്ന കബീർ ഉൾപ്പെടെയുള്ളവരാണ് കീഴടങ്ങിയത്. ഇവരെ പുനരധിവസിപ്പിക്കാനുള്ള സഹായം ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി മോഹൻ യാദവ് അറിയിച്ചു.

******************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

******************************

## INDIGO CRISIS

ഇൻഡിഗോ പ്രതിസന്ധിക്കിടയിലും വ്യോമഗതാഗതം സാധാരണനിലയിലേക്കെന്ന് കേന്ദ്ര സർക്കാർ. ഇതുവരെ 610 കോടി രൂപയുടെ റീഫണ്ട് ലഭ്യമാക്കിയതായും മൂവായിരത്തിലേറെ ബാഗേജുകൾ തിരികെ നൽകിയതായും ഇൻഡിഗോ എയർലൈൻ അറിയിച്ചു. ടിക്കറ്റ് നിരക്ക് ഉയരുന്നത് തടയുന്നതിന് കേന്ദ്രസർക്കാർ പരിധി ഏർപ്പെടുത്തിയിട്ടുണ്ട്. അതേസമയം, വിമാന സർവീസുകളിലുണ്ടായ തടസങ്ങൾ സംബന്ധിച്ച കാരണം കാണിക്കൽ നോട്ടീസുകൾക്ക് ഇൻഡിഗോ സിഇഒ, അക്കൗണ്ടബിൾ മാനേജർ എന്നിവർ ഇന്ന് വൈകുന്നേരം 6 മണിക്ക് മുൻപ് മറുപടി നൽകണമെന്ന് നിർദേശം നൽകിയിട്ടുണ്ട്.

******************************

## INDIA-CHINA CONSULATE

ചൈനയുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 32 വർഷത്തിനു ശേഷം ഇന്ത്യ ഷാങ്ഹായിൽ പുതിയ കോൺസുലേറ്റ് കെട്ടിടം തുറന്നു. ചൈനയിലെ ഇന്ത്യൻ അംബാസഡർ പ്രദീപ് കുമാർ റാവത്തും കോൺസൽ ജനറൽ പ്രതീക് മാത്തൂറും ചേർന്ന് ഉദ്ഘാടനം നിർവഹിച്ചു. കോൺസുലേറ്റ് സേവനങ്ങൾ മികച്ചതാക്കാൻ ഇതിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി ശ്രീ പ്രതീക് മാത്തൂർ പറഞ്ഞു.

******************************

## DRI - NARCOTICS SMUGGLING

ലഹരിവസ്തു കള്ളക്കടത്തിനെതിരെ നടപടി ശക്തമാക്കി ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ്. കൊച്ചി മേഖല യൂണിറ്റ്, ഡൽഹി വിമാനത്താവളം, കൊച്ചി വിമാനത്താവളം, എന്നിവിടങ്ങൾ നടത്തിയ ദൗത്യത്തിൽ ഏഴ് കോടി രൂപ വിലമതിക്കുന്ന ലഹരി വസ്തുക്കളും കണക്കിൽപ്പെടാത്ത പണവും പിടിച്ചെടുത്തു. ലഹരിക്കടത്ത് സംഘത്തിലെ അംഗങ്ങൾ വ്യോമമാർഗ്ഗം ലഹരിവസ്തുക്കൾ കൊണ്ടുപോകുന്നതായ ലഭിച്ച രഹസ്യവിവരത്തെത്തുടർന്ന് നടത്തിയ പരിശോധനയിൽ ഡൽഹി, കൊച്ചി വിമാനത്താവളങ്ങളിൽ നിന്ന് ഓരോരുത്തരെ വീതം പിടികൂടി.

*****************************

## ADMIRAL CUP – NAVAL ACADEMY (INTRO)

ഏഴിമല ഇന്ത്യൻ നാവിക അക്കാദമി സംഘടിപ്പിക്കുന്ന അഡ്മിറൽ കപ്പിനായുള്ള പതിനാലാമത് പായ് വഞ്ചിയോട്ട മത്സരത്തിന് ഇന്ന് തുടക്കമാകും. അക്കാദമിയോട് ചേർന്ന എട്ടിക്കുളം കടലിലാണ് മത്സരം.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.....**

(വോയിസ്)

*****************************

## REV. ISSF WORLD CUP FINAL

I S S F ഷൂട്ടിംഗ് വേൾഡ് കപ്പ് ഫൈനൽ മത്സരത്തിൽ വനിതകളുടെ 25 മീറ്റർ പിസ്റ്റൾ ഇനത്തിൽ സിമ്രാൻപ്രീത് കൗർ സ്വർണ്ണ മെഡൽ നേടി. പുരുഷന്മാരുടെ 50 മീറ്റർ റൈഫിൾ 3-പൊസിഷൻസ് ഇനത്തിൽ, ഐശ്വര്യ പ്രതാപ് സിംഗ് തോമറിനാണ് വെള്ളി മെഡൽ.

*****************************

## HOCKEY MENS JUNIOR WORLD CUP

പുരുഷ ജൂനിയർ ഹോക്കി ലോകകപ്പ് വെങ്കല മെഡലിനായി ഇന്ത്യ മറ്റന്നാൾ അർജന്റീനയെ നേരിടും. ഇന്നലെ ചെന്നൈയിൽ നടന്ന സെമിഫൈനലിൽ ഒന്നിനെതിരെ 5 ഗോളിന് ജർമ്മനി ഇന്ത്യയെ പരാജയപ്പെടുത്തി. ഫൈനലിൽ ജർമ്മനി , സ്പെയിനിനെ നേരിടും .

*****************************

## GOA – ARRESTS

ഗോവ അർപോറയിലെ നിശാക്ലബ്ബിൽ ഉണ്ടായ തീപിടുത്തത്തിൽ ജനറൽ മാനേജരും മൂന്ന് ജീവനക്കാരും അറസ്റ്റിൽ. നൈറ്റ്ക്ലബ്ബിന്റെ ഉടമകൾ, മാനേജർ, പരിപാടിയുടെ സംഘാടകർ എന്നിവർക്കെതിരെ പോലീസ് കേസെടുത്തിരുന്നു. മരിച്ചവരുടെ ബന്ധുക്കൾക്ക് 5 ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും ധനസഹായം നൽകുമെന്ന് ഗോവ മുഖ്യമന്ത്രി പ്രമോദ് സാവന്ത് പ്രഖ്യാപിച്ചു.

*****************************

## ACTRESS ATTACK CASE

നടിയെ ആക്രമിച്ച കേസിൽ ഇന്ന് അന്തിമവിധി ഉണ്ടായേക്കും. എട്ടു വർഷത്തിലേറെ നീണ്ട കേസിലാണ് എറണാകുളം പ്രിൻസിപ്പൽ സെഷൻസ് ജഡ്ജി ഹണി എം വർഗീസ് വിധി പറയുന്നത്.

*****************************************************************************************